(ബി) അംഗപരിമിതരുടെ ക്ഷേമ പെൻഷനുകളിൽ ഭൂരിഭാഗവും നടപ്പിലാക്കി വരുന്നത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മുഖേനയാണ്. അംഗപരിമിതർക്കുള്ള നിലവിലെ ആനുകൂല്യങ്ങൾക്കുള്ള തുക അപര്യാപ്തമാണെന്ന് ബോദ്ധ്യപ്പെടുമ്പോഴും വ്യവസ്ഥകളിൽ മാറ്റം അനിവാര്യമാകുന്ന സന്ദർഭങ്ങളിലും പരിശോധിച്ച് ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്.

ക്ഷേമപെൻഷൻ വിതരണം

336 (T* 1810) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ക്ഷേമപെൻഷനുകൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിൽ ഗുരുതരമായ വീഴ്ച സംഭവിച്ചുവെന്ന പരാതികൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ് ;

(ബി) ഓരോ ക്ഷേമപെൻഷനും എത്രമാസത്തെ വീതം കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) അവശരും രോഗികളും വൃദ്ധരും വികലാംഗരും ഉൾപ്പെടെയുള്ളവർ പെൻഷൻ പോസ്റ്റാഫീസിൽ പോയി പെൻഷൻ തുക കൈപ്പറ്റണമെന്ന് തീരുമാനിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ;

(ഡി) എല്ലാ ക്ഷേമപെൻഷനുകളും പോസ്റ്റ്മാൻ മുഖേന വീടുകളിൽ എത്തിച്ചിരുന്ന സംവിധാനം പുന:സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ക്ഷേമപെൻഷനുകൾ ലഭ്യമാക്കുന്നതിന് പഞ്ചായത്ത് വകുപ്പിന് വീഴ്ച സംഭവിച്ചിട്ടില്ല. ഡി.ബി.ടി. സമ്പ്രദായത്തിൽ പെൻഷൻ വിതരണം ചെയ്യുന്നതിന് സാങ്കേതിക വിദ്യയുടെ സഹായം അനുപേക്ഷണീയമാണ്. ബാങ്ക്/പോസ്റ്റോഫീസ് അക്കൗണ്ടുകൾ, ഇ.എം.ഒ. എന്നിവ മുഖാന്തിരം തുക വിതരണം ചെയ്യുന്നതിൽ തപാൽ വകുപ്പിന് ഗുണഭോക്താക്കൾക്ക് യഥാസമയം തുക ലഭ്യമാക്കുന്നതിൽ വീഴ്ച സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. തപാൽ വകുപ്പിന്റെ ഏറ്റവും താഴെത്തട്ടിൽ തുക കൃത്യമായി എത്തിയോ എന്നറിയുന്നതിനും കൃത്യസമയത്ത് വിതരണം ചെയ്തോ എന്നും അറിയുന്നതിനുള്ള സാങ്കേതിക സംവിധാനം സമയബന്ധിതമായി പ്രവർത്തിക്കുന്നില്ല.

2. തപാൽ ഓഫീസുകളുടെ വിവിധ കോഡുകൾ മുന്നറിയിപ്പില്ലാതെ ഇടയ്ക്കിടയ്ക്ക് മാറുന്നത് സുഗമമായ വിതരണത്തിന് തടസ്സമാകുന്നു.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിവിധ തദ്ദേശസ്ഥാപനങ്ങളിലെ കുടിശ്ശിക ഗഡുക്കളുടെ കാര്യത്തിൽ ഏകീകൃത സ്വഭാവം ഇല്ല. പൊതുവായി 2014 സെപ്റ്റംബർ മുതൽ 2015 ജനുവരി മാസം വരെയുള്ള അഞ്ച് ഗഡുക്കളാണ് കുടിശ്ശികയുള്ളത്.

(സി) അവശരും രോഗികളും വൃദ്ധരും വികലാംഗരും ആയ ഗുണഭോക്താക്കൾക്ക് മണിയോർഡർ ആയി തുക ലഭിക്കുന്നതിനുള്ള സംവിധാനം ഇപ്പോഴും നിലവിലുണ്ട്. ബാങ്ക്/പോസ്റ്റോഫീസ് അക്കൗണ്ട്, ഇ.എം.ഒ. എന്നീ വിതരണ രീതികളിൽ ഏത് രീതിയിൽ പെൻഷൻ ലഭിക്കണമെന്ന് തീരുമാനിക്കേണ്ടത് ഗുണഭോക്താവ് തന്നെയാണ്. കേന്ദ്രസർക്കാർ നയത്തിന്റെ ഭാഗമായി ക്ഷേമപെൻഷനുകൾ യഥാർത്ഥ ഗുണഭോക്താവിനുതന്നെ ലഭിക്കുന്നതിനുവേണ്ടി ബാങ്ക്/പോസ്റ്റോഫീസ് അക്കൗണ്ട് മുഖേന നടപ്പിലാക്കി വരുന്ന ഡി.ബി.ടി.(Direct Benefit Transfer) പദ്ധതിയുടെ ഭാഗമായാണ് ഇപ്രകാരം ഒരു തീരുമാനം കൈക്കൊണ്ടത്.

(ഡി) പരിഗണനയിലില്ല.

അംഗൻവാടിക്ക് കെട്ടിടനിർമ്മാണം

337 (1811) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കുറുവ പഞ്ചായത്തിലെ 4-ാം വാർഡിലെ അംഗൻവാടിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ സ്ഥലം വിട്ടുകിട്ടിയിട്ടുള്ള കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അംഗൻവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള തുക 2015-16 വർഷത്തിൽ കുറുവ പഞ്ചായത്ത് വകയിരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും എന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിന് 7,10,000 രൂപ പ്രോജക്ട് നമ്പർ 33 ആയി 2015-16 വർഷത്തിൽ കുറുവ ഗ്രാമപഞ്ചായത്ത് വകയിരുത്തിയിട്ടുണ്ട്.

(ഡി) പദ്ധതിയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly